**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 197** **07-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഹെൽത്ത് മിഷനിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (എ) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ഐ വാർഡ്&ഓപ്പറേഷൻ തിയേറ്റർ (കണ്ണ്) നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് തയ്യാറായിട്ടുണ്ട്. |
| (ബി) | ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കിയും മതിയായ ജീവനക്കാരെ നിയമിച്ചും ആശുപത്രി അടിയന്തരമായി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കുറ്റിപ്പുറം താലൂക്ക് കണ്ണാശുപത്രിയിൽ Junior Consultant Ophthalmology തസ്തിക നിലവിലുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. Optometrist Grll-1 ന്റെ അധിക തസ്തിക ആവശ്യമെങ്കിൽ NPCB മുഖേന ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ടായിരിക്കെ മരണപ്പെട്ട ഡോ.അലിയാമുവിന്റെ പേര് പ്രസ്തുത കണ്ണാശുപത്രിക്ക് നൽകുന്നത് സംബന്ധിച്ച് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ (8625545/2024/മിൻ/ഹെൽത്ത്) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ട് ആയിരിക്കെ മരണപ്പെട്ട ഡോ. അലിയാമുവിന്റെ പേര് പ്രസ്തുത സ്ഥാപനത്തിന്റെ ബ്ലോക്കിന് നൽകുന്നത് സംബന്ധിച്ച് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനത്തിന്മേൽ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ